ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 59 ലക്ഷം

(സി) ഭരണാനുമതി നൽകിയിട്ടില്ല. മതിയായ ബഡ്ജറ്റ് വിഹിതം ഉറപ്പാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ റോഡ് നിർമ്മാണം

329(3254) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട് .

(ബി) ദീർഘകാലം ഈടുനിൽക്കുന്ന പ്രതലവും, റോഡു സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന പ്രവൃത്തികളും ഉൾപ്പെടെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിക്കുന്ന മാനദണ്ഡത്തിന് വിധേയമായി റോഡുകൾ നിർമ്മിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവാരമുള്ള പ്രതലവും, റോഡ് മാർക്കിംഗുകൾ, സുരക്ഷാ ബോർഡുകൾ, ഓടകൾ, പാർശ്വഭിത്തികൾ എന്നീ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

(ഡി) സംസ്ഥാനത്ത് പദ്ധതിയിനത്തിൽ പുതിയ റോഡ് നിർമ്മാണം ഏറ്റെടുത്ത് നടത്തുമ്പോൾ പരമാവധി പദ്ധതികളിലും ഇത്തരത്തിൽ BM & BC സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽകാലം നിലനിൽക്കത്തക്ക രീതിയാണ് അവലംബിച്ചിട്ടുള്ളത്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകൾ

330(3255) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ പ്രവർത്തിക്കും എത്ര തുകയുടെ ഭരണാനുമതി ലഭിച്ചെന്നും ഓരോ പ്രവർത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിച്ചുണ്ടെന്നും വ്യക്തമാക്കുമോ ; ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം

331(3256) ശ്രീ. വി. ശശി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly